I/17828/2023

"ഭരണഭാഷ – മാതൃഭാഷ"

# സംസ്ഥാന ആസൂത്രണ ബോർഡ്

നം.എസ്.പി.ബി/39/2023-ഇ1

പട്ടം പാലസ് പി.ഒ,
തിരുവനന്തപുരം,
തീയതി:10-01-2023

## പരിപത്രം

**വിഷയം: ജീവനക്കാര്യം – സംസ്ഥാന ആസൂത്രണ ബോർഡ വകപ്പിലെ ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുന്നത്- സംബന്ധിച്ച്.**

ഈ വകപ്പിൽ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുവാൻ നിഷ്കർഷിച്ചിട്ടുള്ള ഉദ്യോഗസ്ഥർ SCORE സോഫ്റ്റ് വെയർ മുഖേന (www. score.kerala.gov.in) അവരവരുടെ **2022 വർഷം ഡിസംബർ 31 വരെയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ( Performance Appraisal Report) 2023 ജനുവരി 15-നകം അടിയന്തരമായി സമർപ്പിക്കേണ്ടതും അപ്രകാരം ഉദ്യോഗസ്ഥർ സമർപ്പിക്കുന്ന പ്രസ്തുത റിപ്പോർട്ടുകൾ ബന്ധപ്പെട്ട റിപ്പോർട്ടിംഗ് ആഫീസർ പരിശോധിച്ച് ഉടൻ തന്നെ റിവ്യൂവിംഗ് ആഫീസർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.**

ഉദ്യോഗസ്ഥർ അവരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ റിപ്പോർട്ടിംഗ് ആഫീസർക്കും/ റിപ്പോർട്ടിംഗ് ആഫീസർ ആയത് റിവ്യൂവിംഗ് ആഫീസർക്കും യഥാസമയം സമർപ്പിക്കാതെ വന്നാൽ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ റിവ്യൂ ചെയ്യുന്നതിന് കാലതാമസം നേരിടുകയും തുടർന്ന് ഡി.പി.സി നടത്തുന്നതിനും തന്മൂലം സ്ഥാനക്കയറ്റം ലഭിക്കുന്നതിനും തടസ്സം നേരിടുകയും ചെയ്യുന്നതാണ്. **ആയതിനാൽ മേൽ നിർദ്ദേശവും നിർദ്ദിഷ്ട സമയപരിധിയും കർശനമായി പാലിക്കേണ്ടതാണെന്നും അറിയിക്കുന്നു.**

GOPINATH R
Sr. Administrative Officer
(മെമ്പർ സെക്രട്ടറിക്കു വേണ്ടി)
E-mail-es.spb@kerala.gov.in
Ph- 0471 2541270

To:

1. എല്ലാ ഡിവിഷൻ ചീഫുമാർക്കും (ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഇതുസംബന്ധിച്ച അറിയിപ്പ് നൽകുന്നതിനും തുടർ നടപടിയ്ക്കായും)
2. എല്ലാ ജില്ലാ പ്ലാനിംഗ് ആഫീസർമാർക്കും (ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഇതുസംബന്ധിച്ച അറിയിപ്പ് നൽകുന്നതിനും തുടർ നടപടിയ്ക്കായും)
3. ഐ.ടി വിംഗ് മേധാവി, സംസ്ഥാന ആസൂത്രണ ബോർഡ് (ഈ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

പകർപ്പ്

1. നോട്ടീസ് ബോർഡ്
2. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

Signed by
Gopinath R
Date: 10-01-2023 16:06:21